**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2112** **30-07-2021 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ ഭൂരഹിതരായ ആദിവാസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | നെന്മാറ മണ്ഡലത്തിൽ ഭൂരഹിതരായ എത്ര ആദിവാസി വിഭാഗക്കാർക്കാണ് വനാവകാശ നിയമപ്രകാരം ഭൂമി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ മണ്ഡലത്തിൽ കേന്ദ്ര വനാവകാശ നിയമം, 2006 പ്രകാരം 428 പട്ടികവർഗ്ഗക്കാർക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്രപേർക്കാണ് സ്വന്തമായി ഭൂമി ഇല്ലാത്തതെന്ന് വിശദമാക്കുമോ; | (ബി) | നെന്മാറ മണ്ഡലത്തിൽ നിലവിൽ സ്വന്തമായി ഭൂമി ഇല്ലാത്തവർ 222 പേരാണ്. |
| (സി) | അപ്രകാരം ഭൂമിയില്ലാത്ത മുഴുവൻപേർക്കും ഭൂമി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ആയത് സംബന്ധിച്ച വിശദാംശം നൽകുമോ? | (സി) | ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി ഭൂമിയുടെ ലഭ്യതക്കനുസരിച്ച് വനാവകാശ നിയമം, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ